## പതിമൂന്നാം കേരളനിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2080 — 12.02.2013-ൽ മറുപടിയ്ക്ക്

### കടുവകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാഗോപി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) 2011-12 കാലയളവിൽ നടന്ന സർവ്വേ പ്രകാരം കേരളത്തിലെ കാട്ടുകളിൽ ആകെ എത്ര കടുവകളാണുള്ളത്; വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത കാലയളവിൽ കൊല്ലപ്പെട്ട കടുവകളുടെ എണ്ണം എത്ര;<br><br>(സി) അതിൽ വേട്ടക്കാർ, വനപാലകർ എന്നിവരാൽ കൊല്ലപ്പെട്ട കടുവകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) യും, (ബി) യും, (സി)യും -<br><br>2011-12 കാലയളവിൽ കടുവകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ഡി) കടുവകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ-I ൽ ഉൾപ്പെടുത്തിയിട്ടുള്ള കടുവകളുടെ സംരക്ഷണത്തിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സംസ്ഥാനത്ത് 2 കടുവാ സങ്കേതങ്ങൾ രൂപീകരിച്ച് പ്രസ്തുത സ്ഥലങ്ങളിൽ അവയ്ക്ക് പ്രത്യേക സംരക്ഷണം നൽകുന്നു.<br>2. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.<br>3. വനം-വന്യജീവി കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.<br>4. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നു. |

5. കുറ്റകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും, അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

6. വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം-വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാരും, വൈൽഡ് ലൈഫ് വാർഡന്മാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും, സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

7. വനത്തിന്റേയും, വന്യജീവികളുടേയും സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.